**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ(എഫ്.എം)വകുപ്പ്**

നം.42721/എഫ്.എം.1/10/തസ്വഭവ                    തിരുവനന്തപുരം,    തീയതി: 20.07.2010

## സർക്കുലർ

വിഷയം:- തദ്ദേശസ്വയം ഭരണ വകുപ്പ് - റോഡ് പുനരുദ്ധാരണ പദ്ധതി - ജില്ലാപഞ്ചായത്തുകൾ നിർമ്മിച്ച് പരിപാലിച്ചു വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണി - വിശദീകരണം സംബന്ധിച്ച്.

സൂചന:- സ.ഉ.(സാധാ) നം.1906/2010/തസ്വഭവ; തീയതി 09.06.2010.

സർക്കാർ ആവിഷ്കരിച്ചിട്ടുള്ള റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ജില്ലാപഞ്ചായത്തുകൾ അറ്റകുറ്റപ്പണി നടത്തേണ്ട റോഡുകളുടെ വിവരങ്ങൾ സൂചന ഉത്തരവിന്റെ ഖണ്ഡിക 7.1-ൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകൾക്ക് പുറമെ ജില്ലാപഞ്ചായത്തുകൾ നിർമ്മിച്ച് പരിപാലിച്ചു വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ കൂടി നടത്തുന്നതിന് അനുമതി നൽകണമെന്ന് ചില ജില്ലാപഞ്ചായത്തുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് ചുവടെ പ്രതിപാദിക്കുന്ന വിശദീകരണം നൽകുന്നു.

സൂചന ഉത്തരവ് പ്രകാരം ജില്ലാപഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള അധിക വിഹിതം പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 7.1 പ്രകാരമുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് മാത്രമെ വിനിയോഗിക്കാൻ പാടുള്ളൂ. എന്നാൽ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരം ലഭിക്കുന്ന റോഡ് മെയിന്റനൻസ് ഫണ്ട്, വികസന ഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം മുതലായ ഫണ്ടുകൾ സൂചന ഉത്തരവിന്റെ ഖണ്ഡിക 7.1 പ്രകാരമുള്ള റോഡുകൾക്ക് പുറമെ ജില്ലാപഞ്ചായത്തുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി മുൻകാലങ്ങളിൽ നിർമ്മിച്ച് പരിപാലിച്ചു വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും വിനിയോഗിക്കാവുന്നതാണ്.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
3 അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ്
4 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
5 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
7 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
8 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
9 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
10 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
11 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ

12 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
13 ഓഫീസ് കോപ്പി/കരുതൽ ഫയൽ
പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്